# هدى النبي ﷺ

## للحفظ والوقاية من الشرور والأمراض والأوبئة

രോഗങ്ങൾ, പകർച്ച വ്യാധികൾ, തിന്മകൾ
എന്നിവയിൽ നിന്നുള്ള സംരക്ഷണത്തിന്

## നബി(സ)യുടെ മാർഗദർശനം

باللغة المليبارية




إعداد
**د. ناجي بن إبراهيم العرفج**
وفقه الله

ترجمة
**جمعية الدعوة والإرشاد وتوعية الجاليات بالربوة**

രോഗങ്ങൾ, പകർച്ച വ്യാധികൾ, തിന്മകൾ
എന്നിവയിൽ നിന്നുള്ള സംരക്ഷണത്തിന്

# നബി(സ)യുടെ മാർഗദർശനം

## കൊറോണാ വൈറസ്

**ഡോ. നാജി ബിൻ ഇബ്രാഹിം അൽ അർഫജ്**

**വിവർത്തനം :**

**അബൂ തഹാനി**



## സമർപ്പണം

സ്രഷ്ടാവും കാരുണ്യവാനും ഔദാര്യവാനുമായ അല്ലാഹു സത്യവിശ്വാസം കൊണ്ടും സന്തോഷം കൊണ്ടും സമാധാനം കൊണ്ടും, ഇന്ന് ലോകത്തെയാകമാനം ബാധിച്ച കൊറോണ പോലെയുള്ള രോഗങ്ങളിൽ നിന്നും പകർച്ചവ്യാധികളിൽ നിന്നുമുള്ള സംരക്ഷണവും പ്രതിരോധവും കൊണ്ട് നമ്മെയെല്ലാം അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിച്ച് കൊണ്ട് ഈ ലഘു കൃതി മുസ്ലിംകൾക്കും മുഴുവൻ ജനങ്ങൾക്കുമായി സമർപ്പിക്കാൻ സാധിക്കുന്നതിൽ ഞാൻ സന്തുഷ്ടനാണ്.

## ആമുഖം

പതിനാല് നൂറ്റാണ്ടുകൾക്ക് മുമ്പ്, ഇന്ന് നാം പ്രതിരോധ മരുന്നുകൾ എന്ന് വിളിക്കുന്നവ പ്രത്യക്ഷപ്പെടുന്നതിനും മുന്നേ, അന്ത്യ പ്രവാചകൻ മുഹമ്മദ് നബി (സ) തന്റെ വചനങ്ങൾ മുഖേനെ നമ്മെ അതിലേക്ക് നയിച്ചു. അല്ലാഹു കാരുണ്യവും മാർഗ ദർശനവും ശമനവും പ്രകാശവുമായി വിശേഷിപ്പിച്ച ഖുർആനിന്റെ അധ്യാപനങ്ങളിലൂടെ കൊറോണ പോലെയുള്ള പകർച്ച വ്യാധികളിൽ നിന്നും രോഗങ്ങളിൽ നിന്നും നമ്മെ സംരക്ഷിക്കുകയും പ്രതിരോധിക്കുകയും ശാന്തമാക്കുകയും ചെയുന്ന കാര്യങ്ങൾ നമുക്ക് വരച്ച് കാട്ടി.

രോഗ പ്രതിരോധവും സമാധാനവും സന്തോഷവും തേടുന്നവൻ ഏക സ്രഷ്ടാവായ അല്ലാഹുവിലുള്ള യഥാർത്ഥ വിശ്വാസത്തിലും ആധിപത്യവും കഴിവും ശക്തിയുമുള്ള സംരക്ഷകനും രോഗ ശമനം നല്കുന്നവനുമായ അവനെ ഏകനാക്കി ആരാധിക്കുന്നതിലും മുഴുകൽ അനിവാര്യമാണ്. അല്ലാഹു പറയുന്നു: 'എനിക്ക് രോഗം ബാധിച്ചാൽ അവനാണ് എന്നെ സുഖപ്പെടുത്തുന്നത് വീണ്ടും ഖുർആൻ പറയുന്നത് നോക്കുക : 'പറയുക: അല്ലാഹു ഞങ്ങൾക്ക് രേഖപ്പെടുത്തിയതല്ലാതെ ഞങ്ങൾക്കൊരിക്കലും ബാധിക്കുകയില്ല. അവനാണ് ഞങ്ങളുടെ യജമാനൻ. അല്ലാഹുവിന്റെ മേലാണ് സത്യവിശ്വാസികൾ ഭരമേൽപിക്കേണ്ടത്.'

ഈ ഉറച്ച വിശ്വാസമാണ് നന്മയും ഉപദ്രവവും ജീവിതവും ഉപജീവനവും നിയന്ത്രിക്കുന്ന അല്ലാഹുവിലുള്ള സത്യസന്ധമായ തൗഹീദും സമ്പൂർണമായ തവക്കുലും യാഥാർത്ഥ്യമാകുന്നത്. അല്ലാഹുവിൽ ഭരമേൽപിപ്പിക്കുന്നതോടൊപ്പം തന്നെ ആരോഗ്യപരമായ നിർദേശങ്ങളും പ്രതിരോധ നടപടികളും സ്വീകരിക്കാനും ഇസ്‌ലാം നമ്മോട് കല്പിക്കുന്നുണ്ട്.

കാരണം ഭരമേൽപിപ്പിക്കുന്നതോടൊപ്പം തന്നെ അതിന് അനിവാര്യമായ നടപടികൾ കൈക്കൊള്ളാൻ നബി(സ) നമ്മോട് കൽപ്പിച്ചിട്ടുണ്ട്. അത് പോലെ തന്നെ രോഗങ്ങളിൽ നിന്നും പകർച്ച വ്യാധികളിൽ നിന്നും പ്രതിരോധവും സംരക്ഷണവും തീർക്കാനും രോഗം വന്നാൽ ചികിത്സിക്കാനും അവിടുന്ന് നമ്മോട് കൽപിച്ചിട്ടുണ്ട്.





അത് പോലെ തന്നെ പകർച്ച വ്യാധികൾ പടരുമ്പോൾ നമ്മൾ സ്വീകരിക്കാറുള്ള ആരോഗ്യപരമായ സമ്പർക്കം ഒഴിവാക്കുന്നതിലും അദ്ദേഹത്തിന്റെ മാർഗ ദർശനം നമുക്ക് കാണാൻ സാധിക്കും, നബി(സ) ആരാധനകൾക്കും ദിനം പ്രതിയുള്ള അഞ്ച് നിർബന്ധ നമസ്കാരങ്ങൾക്കും അംഗശുദ്ധി വരുത്താനും ശുചീകരണം പാലിക്കാനും മുസ്ലിംകളോട് കൽപിച്ചു. അംഗ ശുദ്ധിയിലാണെങ്കിൽ കൈകൾ, മുഖം, വായ, മൂക്ക് തുടങ്ങിയ ശരീര ഭാഗങ്ങൾ കഴുകുന്നത് ഉൾകൊള്ളുന്നു. ഒരു ദിനം തന്നെ പല വട്ടം ആവർത്തിച്ച് വരുന്ന ഈ ശുചീകരണ പ്രക്രിയ മനുഷ്യ ശരീരത്തിൽ ഉള്ള വൈറസുകളേയും സൂക്ഷ്മാണുക്കളേയും നീക്കി കളയാൻ ഉതകുന്നതാണ്. അപ്രകാരം തന്നെ തുമ്മുമ്പോഴും മറ്റും വായ അടച്ച് വെക്കാനും അദ്ദേഹം പ്രോത്സാഹിപ്പിച്ചു.

സുദീർഘമായ നൂറ്റാണ്ടുകൾക്ക് മുമ്പ് മുഹമ്മദ് നബി(സ) നൽകിയ നിർദേശങ്ങളിൽ ഉള്ള കാര്യമായ വ്യക്തി ശുചിത്വവും കൈകൾ കഴുകലുമൊക്കെയാണ് ഇന്ന് ഡോക്ടർമാരും ആശുപത്രികളും ആരോഗ്യ പ്രവർത്തകരും ലോകാരോഗ്യ സംഘടനയുമെല്ലാം ആരോഗ്യ മാർഗനിർദേശമായും പ്രതിരോധ മുൻകരുതലുമായുമൊക്കെ നമുക്ക് ഇന്ന് നൽകി കൊണ്ടിരിക്കുന്നത്.

നബി(സ) യുടെ മാർഗ നിർദേശങ്ങളിൽ വന്ന, പകർച്ച വ്യാധികളോട് പോരാടാനുള്ള ശുചിത്വത്തിന്റേയും ആരോഗ്യ മുൻകരുതലുകളുടെയും പ്രാധാന്യം ഊട്ടിയുറപ്പിക്കുന്ന ഒരു സംഭവം നമുക്കിവിടെ വായിക്കാം, ഏതാനും നാളുകൾക്ക് മുമ്പ് ന്യൂസ്‌വീക്ക് എന്ന അമേരിക്കൻ മാഗസിനിൽ പ്രസിദ്ധീകരിച്ച ഒരു സ്പെഷൽ ആർട്ടിക്കിളിൽ അമേരിക്കൻ പണ്ഡിതനായ പ്രൊഫസർ ഗ്രീക്ക് കോൺസെൻറ്റൈൻ ചോദിക്കപ്പെട്ടു; 'പകർച്ച വ്യാധികളുടെ സമയത്ത് ശുചിത്വവും സമ്പർക്കമില്ലായ്മയും നിർദേശിച്ച ആരെയെങ്കിലും നിങ്ങൾക്ക് അറിയുമോ? ' അതിന് പ്രൊഫസർ ഇങ്ങനെ മറുപടി നൽകി; 'അതെ, ഇസ്‌ലാമിന്റെ പ്രവാചകനായ മുഹമ്മദ് , 1300 വർഷങ്ങൾക്ക് മുമ്പ്'.... അതിന് അദ്ദേഹം നബി(സ)യുടെ ഹദീസുകളിൽ നിന്ന് ചില തെളിവുകളുദ്ധരിച്ചു, അതിൽ പെട്ടതാണ്: നബി(സ) പറഞ്ഞു: 'നിങ്ങൾ ഒരു നാട്ടിൽ പ്ളേഗിനെ കുറിച്ച് കേട്ടാൽ നിങ്ങൾ അവിടേക്ക് പ്രവേശിക്കരുത്, ഇനി അത് സംഭവിച്ചത് നിങ്ങൾ ഉള്ള നാട്ടിലാണെങ്കിൽ നിങ്ങൾ അവിടെ നിന്ന് പുറത്തേക്ക് പോവുകയുമരുത്'.

നബി(സ) പറഞ്ഞു: 'രോഗി ആരോഗ്യമുള്ളവനെ പരിചരിക്കരുത്'

അവിടുന്ന് പറഞ്ഞു: 'ശുദ്ധി വിശ്വാസത്തിന്റെ പാതിയാണ്'.

ചികിത്സിക്കാനുള്ള നബി(സ) യുടെ കല്പനയിലേക്ക് പ്രൊഫസർ ഒരു ഹദീസ് കൊണ്ട് സൂചന നൽകുന്നുമുണ്ട്,

ഗ്രാമീണ അറബികൾ ചോദിച്ചു: 'അല്ലാഹുവിന്റെ ദൂതരേ? ഞങ്ങൾ ചികിത്സ തേടേണ്ടതില്ലേ?' അവിടുന്ന് പറഞ്ഞു: ' അതെ, അല്ലാഹുവിന്റെ ദാസന്മാരേ, നിങ്ങൾ ചികിത്സ തേടുക, ശമനം അല്ലെങ്കിൽ മരുന്ന് ഇറക്കാതെ അല്ലാഹു ഒരു അസുഖവും ഇറക്കിയിട്ടില്ല, ഒരു അസുഖമല്ലാതെ,' അപ്പോൾ അവർ ചോദിച്ചു: 'അല്ലാഹുവിന്റെ ദൂതരേ, എന്താണത് (അസുഖം)? അദ്ദേഹം പറഞ്ഞു: 'വാർദ്ധക്യം.'

നബി(സ) പറഞ്ഞ സ്വഹീഹായ ഹദീസുകളും അവിടുത്തെ ചില പ്രാർത്ഥനകളുമാണ് ഇതിൽ പരാമർശിച്ചിട്ടുള്ളത്. അല്ലാഹുവിന്റെ അനുമതി പ്രകാരം ഒരു വിശ്വാസിയെ രക്ഷിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്ന വിശ്വാസപരമായ കാരണമാണ് പ്രാർത്ഥന. അല്ലാഹുവിന്റെ കഴിവിലും സംരക്ഷണതയിലുമുള്ള അടിയുറച്ച വിശ്വാസവും ശക്തമായ ഉറപ്പോടും കൂടി അല്ലാഹുവിൽ അഭയം തേടണം, കാരണം ആരോഗ്യവും സൗഖ്യവും ശമനവും സംരക്ഷണവും അല്ലാഹുവിങ്കലാണ് ഉള്ളത്.

## രോഗങ്ങൾ, പകർച്ച വ്യാധികൾ, തിന്മകൾ എന്നിവയിൽ നിന്നുള്ള സംരക്ഷണത്തിന്

# നബി(സ)യുടെ മാർഗദർശനം

*** റസൂലുള്ളാഹി (സ) പറഞ്ഞു:**

'ആരെങ്കിലും രാത്രിയിൽ സൂറത്തുൽ ബഖറയിലെ അവസാനത്തെ രണ്ട് ആയത്തുകൾ പാരായണം ചെയ്താൽ അവ രണ്ടും അവന് മതിയാകുന്നതാണ്' (ബുഖാരി ).

*** റസൂലുള്ളാഹി (സ) പറഞ്ഞു:**

'രാവിലെയും വൈകുന്നേരവും മൂന്ന് പ്രാവശ്യം വീതം ഖുൽ ഹുവല്ലാഹു അഹദ് (ഇഖ്‌ലാസ്) ഉം മുഅവ്വിദതൈനിയും (ഫലഖ്, നാസ്) ചൊല്ലുന്നത് നിനക്ക് എല്ലാ കാര്യത്തിൽ നിന്നും മതിയാകുന്നതാണ്' (സ്വഹീഹു അബൂ ദാവൂദ്).

* അപ്രകാരം തന്നെ **ആയത്തുൽ കുർസിയുടെ ശ്രേഷ്ഠത** വിവരിക്കുന്ന ധാരാളം ഹദീസുകൾ കാണാം, അതിൽ പെട്ടതാണ് , അബൂ ഹുറയ്റ(റ) റിപ്പോർട്ട് ചെയ്യുന്നു:

'' നീ നിന്റെ വിരിപ്പിലേക്ക് ചെന്നാൽ ആയത്തുൽ കുർസി (اللَّهُ لَا إِلَٰهَ إِلَّا هُوَ الْحَيُّ الْقَيُّومُ.) ആദ്യം മുതൽ അവസാനം വരെ പാരായണം ചെയ്യുക, അപ്പോൾ അല്ലാഹുവിൽ നിന്നുള്ള ഒരു സംരക്ഷകൻ താങ്കൾക്ക് ഉണ്ടായിക്കൊണ്ടേയിരിക്കും, പിശാച് പ്രഭാതം വരെ നിന്നെ സമീപിക്കുകയുമില്ല.' (ബുഖാരി).

*** റസൂലുള്ളാഹി (സ) പറഞ്ഞു:**

'ഒരു ദാസൻ അവൻ എല്ലാ പ്രഭാതത്തിലും പ്രദോഷത്തിലും

**((بسم الله الذي لا يضر مع اسمه شيء في الأرض ولا في السماء وهو السميع العليم))**

(അല്ലാഹുവിൻറെ നാമത്തിൽ (ഞാൻ പ്രാർത്ഥിക്കുന്നു) ആ നാമത്തോടൊപ്പം ഭൂമിയിലോ ആകാശത്തോ ഉള്ള ഒരു വസ്തുവും ഉപദ്രവിക്കുകയില്ല. അവൻ എല്ലാം കേൾക്കുന്നവനും അറിയുന്നവനുമാണ്). എന്ന് മൂന്നു പ്രാവശ്യം പറഞ്ഞാൽ പിന്നെ അവനെ യാതൊന്നും ഉപദ്രവിക്കുകയില്ല. (തുർമുദി).

* **റസൂൽ(സ) പ്രഭാതത്തിലും പ്രദോഷത്തിലും** ഈ പ്രാർത്ഥന ഒഴിവാക്കാറില്ലായിരുന്നു:

**((اللَّهُمَّ إِنِّي أَسْأَلُكَ الْعَافِيَةَ فِي الدُّنْيَا وَالآخِرَةِ، اللَّهُمَّ إِنِّي أَسْأَلُكَ الْعَفْوَ وَالْعَافِيَةَ فِي دِينِي وَدُنْيَايَ وَأَهْلِي وَمَالِي، اللَّهُمَّ استُرْ عَوْرَاتي، وآمِنْ رَوْعَاتي، اللَّهمَّ احْفَظْنِي مِنْ بَينِ يَدَيَّ، ومِنْ خَلْفِي، وَعن يَميني، وعن شِمالي، ومِن فَوْقِي، وأعُوذُ بِعَظَمَتِكَ أنْ أُغْتَالَ مِنْ تَحتي))**

( അല്ലാഹുവേ മാപ്പും ഇഹത്തിലും പരത്തിലും സൗഖ്യവും നിന്നോട് ഞാൻ ചോദിക്കുന്നു. അല്ലാഹുവേ എന്റെ മതകാര്യത്തിലും ഐഹിക ജീവിതത്തിലും കുടുംബത്തിലും ധനത്തിലും സൗഖ്യവും മാപ്പും നിന്നോട് ഞാൻ ചോദിക്കുന്നു. അല്ലാഹുവേ എന്റെ രഹസ്യങ്ങൾ നീ മറച്ചു വെക്കുകയും ഭീതികളിൽ നിന്ന് എനിക്ക് മോചനം നൽകുകയും ചെയ്യേണമേ. അല്ലാഹുവേ എന്റെ മുന്നിലൂടെയും പിന്നിലൂടെയും വലത് ഭാഗത്തിലൂടെയും ഇടത് ഭാഗത്തിലൂടെയും മുകളിലൂടെയും എന്നെ പരിരക്ഷിക്കേണമേ, താഴ്ഭാഗത്ത് കൂടെ ഞാൻ വഞ്ചിക്കപ്പെടുന്നതിൽ നിന്ന് നിന്റെ മഹത്വം കൊണ്ട് ഞാൻ അഭയം തേടുന്നു) (ഇബ്നു ഹിബ്ബാൻ).

ഈ പ്രാർത്ഥനയിൽ ഒരു ദാസന് അല്ലാഹുവിന്റെ അനുമതി പ്രകാരം മുഴുവൻ ഭാഗത്ത് നിന്നുമുള്ള സമ്പൂർണ സുരക്ഷയും പരിപൂർണമായ സംരക്ഷണവും ഉണ്ട്.

*** റസൂലുല്ലാഹി (സ) പറഞ്ഞു:**

**((اللهم إني أعوذ بك من البرص، والجنون، والجذام، ومن سيئ الأسقام))**

( അല്ലാഹുവേ വെള്ളപ്പാണ്ട്, കുഷ്ഠം, ഭ്രാന്ത് മറ്റ് മോശമായ രോഗങ്ങൾ എന്നിവയിൽ നിന്നെല്ലാം ഞാൻ നിന്നോട് അഭയം തേടുന്നു. (അബൂ ദാവൂദ്).

നബി(സ)യുടെ ഈ പ്രാർത്ഥനയിൽ കഴിഞ്ഞ കാലത്തും ഈ കാലത്തും ഉള്ള ഇനി ഭാവിയിലും ഉണ്ടാകാനിടയുള്ള ശരീരത്തെയും മനസിനെയും ബാധിക്കുന്ന മാരക രോഗങ്ങളിൽ നിന്നും പകർച്ച വ്യാധികളിൽ നിന്നുമുള്ള സംരക്ഷണവും സുരക്ഷയും അഭയവും ഉൾകൊള്ളുന്നു.

* **റസൂലുല്ലാഹി(സ) പറഞ്ഞു:** 'ആരെങ്കിലും തന്റെ വീട്ടിൽ നിന്ന് പുറത്തിറങ്ങുമ്പോൾ

**((بسم اللّه توكلت على الله ولا حول وَلا قوة إلا بِاللّهِ))**

(അല്ലാഹുവിന്റെ നാമത്തിൽ, അല്ലാഹുവിന്റെ മേൽ ഞാൻ ഭരമേൽപ്പിക്കുന്നു, അല്ലാഹുവിനെ കൊണ്ടല്ലാതെ ഒരു ശക്തിയും കഴിവും ഇല്ല) എന്ന് പറഞ്ഞാൽ അവനോട് പറയപ്പെടും 'നിനക്ക് അത് മതിയാകും, നീ സംരക്ഷണത്തിലായവനുമാണ്.' പിശാച് അവനെ തൊട്ട് വഴിമാറി പോകും' അപ്പോൾ മറ്റേ പിശാച് പറയും : 'സംരക്ഷണത്തിലാക്കപ്പെട്ട മതിയാക്കപ്പെട്ടവനായ മാർഗദർശനം സിദ്ധിച്ച ഒരാളെ നിനക്ക് എങ്ങനെയാണ് (ലഭിക്കുക) ?

* **റസൂലുല്ലാഹി (സ) പറഞ്ഞു:** ' ആരെങ്കിലും സുബ്ഹി നമസ്കാര ശേഷം അവിടെ തന്നെ ഇരുന്നു കൊണ്ട് സംസാരിക്കുന്നതിന് മുമ്പായി

**((لا إله إلا اللّه وحده لا شريك له له الملك وله الحمد يحيي ويميت وهو على كل شيء قدير))**

എന്ന് പത്ത് പ്രാവശ്യം പറഞ്ഞാൽ അല്ലാഹു അവന് പത്ത് നന്മകൾ രേഖപ്പെടുത്തും, പത്ത് തിന്മകൾ അവനിൽ നിന്നും മായ്ച്ച് കളയും, പത്ത് പദവികൾ അവനെ ഉയർത്തും, അവന്റെ ആ ദിവസം മുഴുവൻ അവൻ എല്ലാ വെറുക്കപ്പെട്ട കാര്യങ്ങളിൽ നിന്നും മുക്തനും പിശാചിൽ നിന്ന് സുരക്ഷിതനും ആയിരിക്കും.' (തുർമുദി)

***വിശ്വാസികളുടെ മാതാവ് ആഇശ (റ) യിൽ നിന്നും**, 'നബി(സ) എല്ലാ രാത്രിയിലും തന്റെ വിരിപ്പിലേക്ക് ചെന്നാൽ തന്റെ കൈകൾ കൂട്ടി പിടിക്കുകയും അതിലേക്ക് ഊതുകയും എന്നിട്ട് അതിലേക്ക് ഖുൽ ഹുവല്ലാഹു അഹദ്, ഖുൽ അഊദു ബി റബ്ബിൽ ഫലഖ്, ഖുൽ അഊദു ബി റബ്ബിന്നാസ് എന്നിവ പാരായണം ചെയ്യുകയും തന്റെ തലയിലും ശേഷം മുഖത്തും പിന്നെ മുൻഭാഗത്തും എന്ന രൂപത്തിൽ തന്റെ





ശരീരത്തിൽ കൈ എത്തുന്നിടത്തെല്ലാം മൂന്ന് പ്രാവശ്യം തടവുകയും ചെയ്യാറുണ്ടായിരുന്നു'. (ബുഖാരി).

**ചികിത്സയുടെ കാര്യത്തിൽ ഉന്നതമായ പല നിർദേശങ്ങളും നബി(സ)യുടെ ചര്യയിൽ വന്നതായി നമുക്ക് കാണാം,** അതിൽ പെട്ടതാണ്, രോഗിക്കും മറ്റ് ആപത്തുകൾ ബാധിച്ചവനും വിഷം തീണ്ടിയവനും മന്ത്രമായും ശമനത്തിനുള്ള തേട്ടമായും സൂറത്തുൽ ഫാതിഹ പാരായണം ചെയ്ത സ്വഹാബത്തിന്റെ പ്രവൃത്തിയെ നബി(സ) അംഗീകരിച്ചു എന്നുള്ളത്. വിഷം തീണ്ടിയ ആളെ മന്ത്രിച്ചതുമായി ബന്ധപ്പെട്ട കഥയിൽ ഇങ്ങനെ കാണാം, അബൂ സഈദ്(റ) പറയുന്നു, 'ഞാൻ അയാളുടെ അടുക്കൽ ചെന്നു, അയാളുടെ മേൽ ഞാൻ സൂറത്തുൽ ഫാതിഹ ഓതുകയും ചെയ്തു, അങ്ങനെ അയാൾ അബോധാവസ്ഥയിൽ നിന്ന് ഉണരുകയും (രോഗം) ഭേദമാവുകയും ചെയ്തു.... അങ്ങനെ നബി(സ)യുടെ അടുക്കൽ എത്തി നബി(സ)യെ ഈ വിവരം അറിയിച്ചപ്പോൾ അവിടുന്ന് പറഞ്ഞു: 'അതൊരു മന്ത്രമാണെന്ന് നിനക്ക് എങ്ങനെയാണ് വിവരം കിട്ടിയത്? ' (അബൂ ദാവൂദ്).

*** പ്രസിദ്ധ സ്വഹാബി വര്യൻ ഉഥ്മാൻ ഇബ്നു അബിൽ ആസ് (റ)** ഉദ്ധരിക്കുന്ന ഒരു ഹദീസിൽ നബി(സ)യുടെ ഒരു മാർഗ നിർദേശം നമുക്ക് കാണാം, അദ്ദേഹത്തിന്റെ ശരീരത്തിലെ ഒരു വേദനയെ കുറിച്ച് അദ്ദേഹം നബി(സ) യോട് ആവലാതി പറഞ്ഞപ്പോൾ അവിടുന്ന് പറഞ്ഞു: 'നീ വേദനയുള്ള ഭാഗത്ത് നിന്റെ കൈ വെക്കുകയും എന്നിട്ട് മൂന്ന് പ്രാവശ്യം ബിസ്മില്ലാഹ് എന്ന് പറയുകയും ശേഷം

**((أعوذ بعزة الله وقدرته من شر ما أجد وأحاذر))**

എന്ന് ഏഴ് പ്രാവശ്യം പറയുകയും ചെയ്യുക.' അദ്ദേഹം പറയുന്നു: 'അങ്ങനെ ഞാൻ അപ്രകാരം ചെയ്തപ്പോൾ എന്നിൽ ഉണ്ടായത് (വേദന) അല്ലാഹു ഇല്ലാതാക്കി കളഞ്ഞു' (മുസ്ലിം).

* ഒരു മനുഷ്യൻ നബി(സ)യുടെ അടുക്കലേക്ക് വന്നിട്ട് പറഞ്ഞു: കഴിഞ്ഞ രാത്രി എന്നെ കുത്തിയ തേളിനെ ഞാൻ കണ്ടില്ല, അപ്പോൾ അയാളോട് നബി(സ) പറഞ്ഞു: 'വൈകുന്നേരമാകുമ്പോൾ നീ

**((أعوذ بكلمات الله التامات من شر ما خلق))**

(അല്ലാഹുവിന്റെ സമ്പൂർണമായ കലിമത്തുകൾ കൊണ്ട് അവന്റെ സൃഷ്ടികളുടെ ഉപദ്രവങ്ങളിൽ നിന്നും ഞാൻ അഭയം തേടുന്നു) എന്ന് പറഞ്ഞിരുന്നുവെങ്കിൽ അത് നിന്നെ ഉപദ്രവിക്കില്ലായിരുന്നു.

* **വിശ്വാസികളുടെ മാതാവ് ആഇശ (റ) യിൽ നിന്നും**, 'നബി(സ) തന്റെ ചില കുടുംബക്കാരെ രോഗ സന്ദർശനം നടത്തുമ്പോൾ തന്റെ വലത് കരം കൊണ്ട് തടവുകയും ഇപ്രകാരം പ്രാർത്ഥിക്കുകയും ചെയ്യുമായിരുന്നു:

**((اللهم رب الناس، أذهب الباس، واشفه وأنت الشافي؛ لا شفاء إلا شفاؤك، شفاء لا يغادر سقماً))**

അല്ലാഹുവേ ജനങ്ങളുടെ രക്ഷിതാവേ, പ്രയാസങ്ങൾ പോക്കി കളയേണമേ, നീ ശമനം നൽകേണമേ നീയാണ് ശമനം നൽകുന്നവൻ, നിന്റെ ശമനമല്ലാതെ (വേറെയൊരു) ശമനവുമില്ല, ഒരു രോഗവും അവശേഷിക്കാത്ത ശമനം (നൽകേണമേ). ' (ബുഖാരി).

അനസ്(റ) വിൽ നിന്നും , അദ്ദേഹം ഥാബിത് (റ) നോട് പറഞ്ഞു: 'നബി(സ) യുടെ റുഖിയ (മന്ത്ര രൂപത്തിലുള്ള രോഗശമന പ്രാർത്ഥന) കൊണ്ട് ഞാൻ നിനക്ക് റുഖിയ ചെയ്യട്ടേ ?' അദ്ദേഹം പറഞ്ഞു: 'ശരി', അദ്ദേഹം പ്രാർത്ഥിച്ചു:

**((اللَّهُمَّ رَبَّ النَّاسِ ، مُذْهِبَ البَأسِ ، اشْفِ أَنتَ الشَّافِي ، لا شافِيَ إِلاَّ أَنْتَ ، شِفاءً لا يُغادِر سَقَماً))**

'അല്ലാഹുവേ ജനങ്ങളുടെ രക്ഷിതാവേ, പ്രയാസങ്ങൾ പോക്കി കളയുന്നവനേ, നീ ശമനം നൽകേണമേ നീയാണ് ശമനം നൽകുന്നവൻ, നീയല്ലാതെ ശമനം നൽകുന്നവനില്ല, , ഒരു രോഗവും അവശേഷിക്കാത്ത ശമനം (നൽകേണമേ).' (ബുഖാരി).

## ഉപസംഹാരം

ഒരു യഥാർത്ഥ വിശ്വാസി ഏക സ്രഷ്ടാവായ അല്ലാഹുവാണ് എല്ലാ രോഗങ്ങളിൽ നിന്നും പകർച്ച വ്യാധികളിൽ നിന്നും സംരക്ഷിക്കുന്നവൻ എന്ന് ഉറച്ച് വിശ്വസിക്കുന്നവനാണ്. അതിനാൽ നാമെല്ലാവരും അല്ലാഹുവിൽ ഭരമേൽപിക്കുകയും തൗബയും പാപമോചനവും പ്രാർത്ഥനയും അവനിലേക്ക് കീഴൊതുങ്ങുകയും ചെയ്തു കൊണ്ട് അവനിലേക്ക് പ്രതീക്ഷയർപ്പിച്ച് മടങ്ങുകയും നബി(സ)യുടെ മാർഗ നിർദേശങ്ങളും അദ്ദേഹത്തിന് അവതരിപ്പിക്കപ്പെട്ട ദിവ്യബോധനമായ ഖുർആനും പിൻപറ്റുകയും വേണം. അതാണ് തിന്മകളിൽ നിന്നും രോഗങ്ങളിൽ നിന്നും പകർച്ച വ്യാധികളിൽ നിന്നും ഉത്ക്കണ്ഠയിൽ നിന്നുമൊക്കെ സമാധാനവും സന്തോഷവും സംരക്ഷണവും നൽകുന്ന കാര്യം. അല്ലാഹു പറയുന്നു: 'നിനക്ക് മുമ്പ് നാം പല സമൂഹങ്ങളിലേക്കും (ദൂതൻമാരെ) അയച്ചിട്ടുണ്ട്. അനന്തരം അവരെ (ആ സമൂഹങ്ങളെ) കഷ്ടപ്പാടും ദുരിതവും കൊണ്ട് നാം പിടികൂടി; അവർ വിനയശീലരായിത്തീരുവാൻ വേണ്ടി.' (സൂ. അൻആം 42).

മറ്റൊരു ആയത്തിൽ അല്ലാഹു പറയുന്നു: 'നിങ്ങൾ നിങ്ങളുടെ രക്ഷിതാവിനോട് പാപമോചനം തേടുകയും എന്നിട്ട് അവനിലേക്ക് ഖേദിച്ചുമടങ്ങുകയും ചെയ്യുക. തീർച്ചയായും എന്റെ രക്ഷിതാവ് ഏറെ കരുണയുള്ളവനും ഏറെ സ്നേഹമുള്ളവനുമത്രെ.' (സൂ.ഹൂദ് 90).

വീണ്ടും അല്ലാഹു പറയുന്നു: 'സത്യവിശ്വാസികളേ, നിങ്ങളെല്ലാവരും അല്ലാഹുവിങ്കലേക്ക് ഖേദിച്ചുമടങ്ങുക. നിങ്ങൾ വിജയം പ്രാപിച്ചേക്കാം.' (സൂ.നൂർ31).

# دعاء

اللّهمّ احفظنا وَأَحبابنا و المسلمين و الناس أجمعين مِن كُلِّ وَباءٍ و بلاءٍ.

اللَّهُمَّ إِنِّي أَسْأَلُكَ الْعَافِيَةَ فِي الدُّنْيَا وَالآخِرَةِ، اللَّهُمَّ إِنِّي أَسْأَلُكَ الْعفْوَ وَالْعَافِيَةَ فِي دِينِنا وَدُنْيَايَانا وَأَهْلِنا وَأموالنا، اللَّهُمَّ استُرْ عَوْرَاتنا، وآمِنْ رَوْعَاتنا، اللَّهمَّ احْفَظْنِا مِنْ بَينِ أيدينا، ومِنْ خَلْفنا، وَعن أيماننا، وعن شمائلنا، ومِن فَوْقِنا، ونعُوذُ بِعَظَمَتِكَ أنْ نُغْتَالَ مِنْ تَحتنا.

اللَّهُمَّ إنا نعوذ بك من البرص، والجنون، والجذام، ومن سيئ الأسقام.

اللَّهُمَّ اغْفِرْ لنا ولوَالدينا وللمُسلمِينَ والمُسلمَات والمُؤمنينَ والمُؤمنات الأحَياءِ مِنهُم والأمّوات.

ربنا آتنا في الدنيا حسنة وفي الآخرة حسنة وقنا عذاب النار.

و صلّ اللّهمّ و سلّم على سيّد الأنام, المصطفى المختار